# കേരളസർവകലാശാല

നം.പി.ആർ.199/2023 തിരുവനന്തപുരം, തീയതി: 29/09/2023

## പത്രക്കുറിപ്പ്

### കേരളസർവകലാശാല വിദൂരവിദ്യാഭ്യാസം – യു.ജി./പി.ജി. പ്രോഗ്രാമുകളുടെ അഡ്മിഷൻ 2023 സെപ്റ്റംബർ 30 വരെ

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ 2023-2024 അദ്ധ്യയന വർഷത്തെ എട്ട് ബിരുദ ബിരുദാനന്തര പ്രോഗ്രാമുകൾക്കുള്ള അഡ്മിഷൻ തുടരുന്നു. പൊളിറ്റിക്കൽ സയൻസ്, ലൈബ്രറി സയൻസ്, മാത്തമാറ്റിക്സ് എന്നീ ബിരുദ പ്രോഗ്രാമുകൾക്കും പൊളിറ്റിക്കൽ സയൻസ്, പബ്ലിക് അഡ്മിനിസ്ട്രേഷൻ, ലൈബ്രറി സയൻസ്, കമ്പ്യൂട്ടർ സയൻസ്, മാത്തമാറ്റിക്സ് എന്നീ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്കുമാണ് അഡ്മിഷൻ നടക്കുന്നത്. അപേക്ഷ 2023 സെപ്റ്റംബർ 30 വരെ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. അപേക്ഷയുടെ ശരിപകർപ്പും അസ്സൽ സർട്ടിഫിക്കറ്റുകളും കാര്യവട്ടത്തെ വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ 2023 ഒക്ടോബർ 5 ന് വൈകുന്നേരം 5 മണിക്ക് മൂൻപായി നേരിട്ടോ തപാൽ മാർഗ്ഗമോ എത്തിക്കേണ്ടതാണ്. ഓൺലൈനായി അപേക്ഷിക്കുന്നതിനും മറ്റ് വിവരങ്ങൾക്കും www.ideku.net സന്ദർശിക്കുക.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.പി.എ. ഡാൻസ് ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ 2023 ഒക്ടോബർ 03 മുതൽ 06 വരെ ശ്രീ. സ്വാതി തിരുനാൾ സംഗീത കോളേജിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്സി. (റെഗുലർ – 2021 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2020 അഡ്മിഷൻ, സപ്ലിമെന്ററി – 2018 & 2019 അഡ്മിഷൻ, മേഴ്സിചാൻസ് – 2014 - 2017 അഡ്മിഷൻ) പരീക്ഷയുടെ ജ്യോഗ്രഫി (കോർ), സൈക്കോളജി (കോർ), ബോട്ടണി (കോംപ്ലിമെന്ററി) എന്നിവയുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2023 ഒക്ടോബർ 10 മുതൽ വിവിധ കോളേജുകളിൽ ആരംഭിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ പഠന കേന്ദ്രം വഴി നടത്തുന്ന മൂന്ന്, നാല് സെമസ്റ്റർ എം.എ./എം.എസ്സി./എം.കോം. പരീക്ഷകൾക്ക് (റെഗുലർ – 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2019 & 2020 അഡ്മിഷൻ) പരീക്ഷകൾക്ക് പിഴകൂടാതെ 2023

ഒക്ടോബർ 06 വരെയും 150 രൂപ പിഴയോടെ ഒക്ടോബർ 10 വരെയും 400 രൂപ പിഴയോടെ ഒക്ടോബർ 12 വരെയും ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷൻ 2023 സെപ്റ്റംബർ 29 മുതൽ ആരംഭിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:**For queries**helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**